കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പത്തനംതിട്ട ജില്ല കോന്നി ഗ്രാമ പഞ്ചായത്ത് കെഎസ്ആർടിസി ക്ക് സ്ഥലം വിട്ടുകൊടുക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 486/2013/ത.സ്വ.ഭ.വ. തീയതി, തിരുവനന്തപുരം, 23-2-2013

**പരാമർശം :-**

1. 30/3/2012 ലെ സ.ഉ(സാധാ)നം 957/2012/തസ്വഭവ
2. കോന്നി ഗ്രാമ പഞ്ചായത്തിന്റെ 25/10/2012 ലെ 4(1) നമ്പർ തീരുമാനം
3. കോന്നി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 19/11/2012 ലെ എ1 -50/08 നമ്പർ കത്ത്
4. പഞ്ചായത്ത് ഡയറക്ടറുടെ 20/12/2012 ലെ സി2 34694/12 നമ്പർ കത്ത്
5. കോന്നി ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 28/1/2013 ലെ എ1 50/08 നമ്പർ കത്ത്

ഉത്തരവ്

പത്തനംതിട്ട ജില്ലയിലെ കോന്നി ഗ്രാമ പഞ്ചായത്തിൽ കെഎസ്ആർടിസി ഡിപ്പോ സ്ഥാപിക്കുന്നതിന് കോന്നി നാരായണപുരം മാർക്കറ്റിനോട് ചേർന്ന് കിടക്കുന്ന 48 സെന്റ് സ്ഥലം സ്വകാര്യവ്യക്തികളിൽ നിന്നും വിലയ്ക്ക് വാങ്ങുന്നതിന് പരാമർശം(1)പ്രകാരം ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവായിരുന്നു.ഡിപ്പോയുടെ ആവശ്യത്തിനായി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള സ്റ്റേഡിയത്തിന്റെ 1ഏക്കർ 93.35 സെന്റും പ്രസ്തുത ആവശ്യത്തിന് പരാമർശം(1)ലെ ഉത്തരവിൽ അനുമതി കിട്ടിയതിൻ പ്രകാരം സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയ 48 സെന്റുമുൾപ്പടെ മൊത്തം 2ഏക്കർ 41.35 സെന്റ് സ്ഥലം കെഎസ്ആർടിസിക്ക് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് കോന്നി ഗ്രാമപഞ്ചായത്ത് പരാമർശം (2) പ്രകാരം തീരുമാനമെടുക്കുകയും പരാമർശം (3) പ്രകാരം സർക്കാർ അനുമതിക്ക് അപേക്ഷിക്കുകയും ചെയ്തു.

2. സ്റ്റേഡിയത്തിന്റെ ആവശ്യത്തിനായി വേറെ ഭൂമിയുണ്ടെന്നും സ്ഥലത്തിന്റെ പൂർണ്ണമായ ഉടമസ്ഥാവകാശം കെഎസ്ആർടിസിക്ക് കൈമാറി നല്കേണ്ടതാണെന്നും പരാമർശം (5) പ്രകാരം കോന്നി ഗ്രാമ പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ ഉത്തരവുപ്രകാരം അനുമതി കിട്ടിയതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വകാര്യ വ്യക്തികളിൽ നിന്നും വാങ്ങിയ 48 സെന്റും ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ 1 ഏക്കർ 93.35 സെന്റുമുൾപ്പടെ മൊത്തം 2 ഏക്കർ 41.35 സെന്റ് സ്ഥലം കെഎസ്ആർടിസിക്ക് സൗജന്യമായി വിട്ടുകൊടുക്കുന്നതിന് കോന്നി ഗ്രാമ പഞ്ചായത്തിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം
ഷൈനി ജോർജ്ജ്
അണ്ടർ സെക്രട്ടറി.

സെക്രട്ടറി ,കോന്നി ഗ്രാമ പഞ്ചായത്ത് ,പത്തനംതിട്ട
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ&എ) കേരള, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം
ഡയറക്ടർ,ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
മാനേജിംഗ് ഡയറക്ടർ,കെഎസ്ആർടിസി, തിരുവനന്തപുരം
ജില്ലാ കളക്ടർ,പത്തനംതിട്ട
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
ഗതാഗത വകുപ്പ്
തദ്ദേശ സ്വയംഭരണ (ആർസി 1) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.